**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598** **12-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയ്ക്ക് ആവശ്യമായ മനുഷ്യവിഭവശേഷി സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ സൺറൈസ് വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതികവൈദഗ്ധ്യം ഉള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് നിലവിൽ സാധ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കോഴ്സുകൾ എന്നിവ നടത്തി വരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭ മേഖലയോട് ചേർത്ത് കൊണ്ട് പോകാൻ പര്യാപ്തമായ രീതിയിൽ Translational Research Centre സർവകലാശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല മാറ്റിയെടുക്കുന്നതിനായി (i) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (ii) ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ്, തൃക്കാക്കര (iii) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവടങ്ങളിൽ സർവകലാശാല മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർത്ഥി പരിശീലനത്തിലുമൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കാലാനുസൃതമായി വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കുകയും ഇൻഡസ്ട്രിയിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | വിദ്ഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ഉദ്യമങ്ങൾ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഉള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുന്നതിന് സഹായകരമാണ്. |
| (ബി) | വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് കോഴ്സകൾ രൂപകൽപന ചെയ്യുന്നതിനും വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് നിലവിൽ സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലക്കു കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കോഴ്സകൾ എന്നിവ നടത്തി വരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭ മേഖലയോട് ചേർത്ത് കൊണ്ട് പോകാൻ പര്യാപ്തമായ രീതിയിൽ Translational Research Centre സർവകലാശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല മാറ്റിയെടുക്കുന്നതിനായി (i) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (ii) ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ്, തൃക്കാക്കര (iii) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവടങ്ങളിൽ സർവകലാശാല മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർത്ഥി പരിശീലനത്തിലുമൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കാലാനുസൃതമായി വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കുകയും ഇൻഡസ്ട്രിയിൽ നിന്നുള്ള വിദ്ഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ഉദ്യമങ്ങൾ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വൈദഗ്ധ്യം ഉള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുന്നതിന് സഹായകരമാണ്. |
| (സി) | വിവര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം സൃഷ്ടിക്കുന്ന പുതിയ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതികവൈദഗ്ധ്യം ഉള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ സജ്ജമാക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (സി) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലക്കു കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കോഴ്സുകൾ എന്നിവ നടത്തി വരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭ മേഖലയോട് ചേർത്ത് കൊണ്ട് പോകാൻ പര്യാപ്തമായ രീതിയിൽ Translational Research Centre സർവകലാശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല മാറ്റിയെടുക്കുന്നതിനായി (i) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (ii) ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ്, തൃക്കാക്കര (iii) രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവടങ്ങളിൽ സർവകലാശാല മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർത്ഥി പരിശീലനത്തിലുമൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കാലാനുസൃതമായി വിവിധ പ്രോഗ്രാമുകളുടെ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കുകയും ഇൻഡസ്ട്രിയിൽ നിന്നുള്ള വിദ്ഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ ഉദ്യമങ്ങൾ വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യം ഉള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുന്നതിന് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ